**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 295** **23-01-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ നെല്ല് സംഭരണം കാര്യക്ഷമമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് വേണ്ടതായ എല്ലാ സൗകര്യങ്ങളും എല്ലാ വർഷങ്ങളിലും നെല്ല് സംഭരണ സീസൺ ആരംഭിക്കുന്ന സമയത്ത് സംസ്ഥാന സർക്കാരിന്റെ നെല്ല് സംഭരണ ഏജൻസി എന്ന നിലയിൽ സമയബന്ധിതമായി സപ്ലൈകോ സജ്ജമാക്കാറുണ്ട്. 2024-25 സീസണിലെ രണ്ടാംവിള നെല്ല് സംഭരണം ആരംഭിക്കുന്നതിനു മുന്നോടിയായി 2025 ജനുവരി 1 മുതൽ കർഷക രജിസ്ട്രേഷനായി സപ്ലൈകോ പാഡി പോർട്ടലിൽ (www.supplycopaddy.in) ഓപ്പൺ ചെയ്തു നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 18705 കർഷകർ സപ്ലൈകോയിൽ 2024-25 രണ്ടാംവിള സീസണിൽ നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2024-25 സീസണിൽ 56 മില്ലുകൾ നെല്ല് സംഭരണത്തിനായി സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | നെല്ല് അളവിന്റെ പണം സമയബന്ധിതമായി കർഷകർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി നടത്തിപ്പിന് സംസ്ഥാന സർക്കാർ നിയോഗിച്ചിട്ടുള്ള നോഡൽ ഏജൻസി മാത്രമാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ). 2024-25 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കർഷകന് സമയബന്ധിതമായും പൂർണ്ണമായും നെല്ല് സംഭരണവില നൽകുന്നതിനുവേണ്ടി സർക്കാർ നിർദ്ദേശാനുസരമാണ് പി.ആർ.എസ് വായ്പ പദ്ധതി പ്രകാരം സപ്ലൈകോ കർഷകർക്ക് പണം |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. പി.ആർ.എസ് പദ്ധതി നടപ്പിലാക്കുന്ന ഏതെങ്കിലും ബാങ്കുകളിൽ കർഷകർക്ക് തുകകൾ കിട്ടുന്നതിൽ പ്രതിസന്ധികൾ എന്തെങ്കിലും ഉണ്ടാകുന്നപക്ഷം സമയബന്ധിതമായി ആയതിൽ ഇടപെട്ട് പരിഹരിക്കാറുള്ളതാണ്. |
| (സി) | കഴിഞ്ഞ സീസണിൽ നെല്ല് അളന്നതിന്റെ പൈസ മുഴുവൻ കർഷകർക്കും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | 2024-25 സീസണിൽ 19.01.2025 വരെ 55478 കർഷരിൽ നിന്ന് 139946.939 മെട്രിക് ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. ആയതിന്റെ വിലയായ 396.33 കോടി രൂപയിൽ 268.21 കോടി രൂപയുടെ ലിസ്റ്റ് കർഷകർക്ക് നൽകുന്നതിനായി ബാങ്കിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായി കർഷകർക്ക് 128.12 കോടി രൂപ നൽകുവാനുണ്ട്. |

സെക്ഷൻ ഓഫീസർ